(ബി) കേരള സർവീസ് മാനുവലിലെ ചട്ടം 93 (എ) അതനുസരിച്ചുള്ള ഹെഡ് ക്വാർട്ടേഴ്സിന്റെ പതിനഞ്ച് കിലോ മീറ്ററിനുള്ളിൽ താമസിക്കണമെന്ന വ്യവസ്ഥ കോളേജ് അദ്ധ്യാപകർക്കും ബാധകമാണോ;

(സി) ഗവൺമെന്റ് കോളേജ് അദ്ധ്യാപകർക്ക് ഹോം സ്റ്റേഷൻ ഓപ്ട് ചെയ്യാൻ പ്രത്യേക വ്യവസ്ഥയുണ്ടോ; എങ്കിൽ എത്രയെന്ന ഓപ്ഷനും റീ ഓപ്ഷനും നടത്താമെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രാൻസ്ഫർ നോംസ് അനുസരിച്ച് ഹോം സ്റ്റേഷൻ കണക്കാക്കുന്നതിന് എത്ര കിലോമീറ്റർ ദൂരമുണ്ടെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും ഏത് ഡിപ്പാർട്ട്മെന്റാണെന്നും വ്യക്തമാക്കുമോ;

(ഇ) രണ്ട് അദ്ധ്യാപകർ വ്യത്യസ്തമായ ദൂര സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ ദൂരത്തിന്റെ കാര്യത്തിൽ അവസാന തീരുമാനം നിശ്ചയിക്കുന്നത് ഏത് ഡിപ്പാർട്ട്മെന്റാണെന്ന് അറിയിക്കുമോ;

(എഫ്) ദൂരം കണക്കാക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ ഹോം സ്റ്റേഷനിൽ നിന്നും/വാസസ്ഥലത്തു നിന്നും 35 കിലോമീറ്ററിനുള്ളിൽ വരുന്ന ദൂരമാണ് ഹോം സ്റ്റേഷൻ സർവ്വീസിനായി കണക്കാക്കുന്ന ദൂരം. തിരുവനന്തപുരം ജില്ല ഓപ്ട് ചെയ്തവർക്ക് മുകളിൽ പറഞ്ഞിരിക്കുന്ന ദൂരപരിധി ബാധകമല്ല.

(ബി) ബാധകമാണ്.

(സി) ഹോം സ്റ്റേഷൻ ഓപ്ട് ചെയ്യാൻ വ്യവസ്ഥയുണ്ട്. ഓപ്ട് ചെയ്താൽ രണ്ടു പ്രാവശ്യം മാറ്റാവുന്നതാണ്.

(ഡി)-(എഫ്) സർട്ടിഫിക്കറ്റ് നൽകേണ്ട ഉദ്യോഗസ്ഥനെപ്പറ്റി ട്രാൻസ്ഫർ നോംസിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. ദൂരത്തെപ്പറ്റി സംശയം ഉണ്ടാകുന്ന ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം അരായുകയാണ് പതിവ്.

83 (1300) കണ്ണൂർ സർവ്വകലാശാലയുടെ കാഞ്ഞങ്ങാട് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ കാഞ്ഞങ്ങാട് സെന്റർ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സെന്ററിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിച്ച് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വിശദ വിവരം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട പേരോൽ വില്ലേജിലെ 12 ഏക്കർ റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിന് വേണ്ടി കണ്ണൂർ സർവ്വകലാശാല കാസർഗോഡ് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലാ കളക്ടർ തുടർ നടപടി സ്വീകരിച്ച തായും ഇക്കാര്യം സംബന്ധിച്ച കത്ത് തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീ ഷണർക്ക് അയച്ചു കഴിഞ്ഞതായും റിപ്പോർട്ടുണ്ട്.

(ബി)&(സി) ഭൂമി പതിച്ച് കിട്ടിയതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

84 (1302) കലാപ്രതിഭ ആയിരുന്ന ഷിജിത്ത് നൽകിയ പരാതി

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കലാപ്രതിഭ ആയിരുന്ന തളിപ്പറമ്പ് മുത്തേടത്ത് ഹൈസ്കൂളിലെ പി. ഷിജിത്ത് ഈ വർഷത്തെ സംസ്ഥാന കലോത്സവ ത്തിൽ തനിക്ക് നേരിടേണ്ടിവന്ന തിക്താനുഭവങ്ങൾ സംബന്ധിച്ച് സർക്കാ രിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഈ പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതു രീതിയിലുള്ള അന്വേഷണമാണ് നടത്തിയ തെന്ന് വ്യക്തമാക്കുമോ;

(ഡി) അന്വേഷണത്തിന് ശേഷം ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പ്രഹസന വേഷത്തിന് അർഹിക്കുന്ന സ്ഥാനം ലഭിച്ചി ല്ലെന്നും ഭരതനാട്യ മത്സരത്തിന്റെ വിധി നിർണ്ണയം ശരിയായിരുന്നില്ലെന്നും, കഥകളി, കുച്ചുപ്പുടി, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ കഴിഞ്ഞ വർഷം ഒന്നാം സ്ഥാനം ലഭിച്ചിരുന്നെങ്കിലും ഈ വർഷം മൂന്നാം സ്ഥാനം പോലും ലഭിച്ചിരുന്നില്ലെന്നും വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലെ ജീവനക്കാർ ഷിജിത്തിനോട് പ്രതികാര ബുദ്ധിയോടെ പെരുമാറുകയുണ്ടായിയെന്നു മാണ് പരാതി.

(ബി)-(ഡി)ഇക്കാര്യം പൊതു വിദ്യാഭ്യാസ ഡയറക്ടർ പരിശോ ധിച്ചു വരികയാണ്.

85 (1303) കന്നട ഭാഷയിൽ പരീക്ഷ എഴുതുവാൻ അവസരം

ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly